പത്രക്കുറിപ്പ്

# കോവിഡ്-19

## തലസ്ഥാനത്തെ ക്രിട്ടിക്കൽ കണ്ടയിൻമെന്റ് സോണുകളിലും കണ്ടയിൻമെന്റ് സോണുകളിലും അതിർത്തി അടച്ചുള്ള പോലീസ് നിരീക്ഷണം ശക്തമായി തുടരുന്നു.

## കോവിഡ് സുരക്ഷാ ലംഘകരെ കണ്ടെത്താൻ സ്പെഷ്യൽ ഡ്രൈവ് : (മാസ്ക് & സോഷ്യൽ ഡിസ്റ്റൻസിങ് ഡ്രൈവ്)

## 1036 പേർക്കെതിരെ നിയമ നടപടി

## മാസ്ക് ധരിക്കാത്ത 662 പേർക്കെതിരെയും സാമൂഹിക അകലം പാലിക്കാത്ത 154 പേർക്കെതിരെയും സുരക്ഷാ മാർഗ്ഗ നിർദേശങ്ങൾ പാലിക്കാത്ത 220 കടകൾക്കെതിരെയും നിയമ നടപടി സ്വീകരിച്ചു.

തിരുവനന്തപുരം:- കോവിഡ് സമ്പർക്കവ്യാപനം ദിനംപ്രതിവർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ തലസ്ഥാനത്തെ തീരപ്രദേശങ്ങൾ ഉൾപ്പെടുന്ന 18 ക്രിട്ടിക്കൽ കണ്ടയിൻമെന്റ് സോണുകളിലും നഗരപ്രദേശങ്ങളിലെ 11 കണ്ടയിൻമെന്റ് സോണുകളിലും അതിർത്തികൾ അടച്ചുകൊണ്ടുള്ള പോലീസ് നിരീക്ഷണം ശക്തമായി തുടരുന്നതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. അതേസമയം കോവിഡ്-19 സുരക്ഷാ നിർദേശങ്ങൾ പാലിക്കാത്തവരെ കണ്ടെത്താനായി ഇന്നലെ നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ ( മാസ്) (മാസ്ക് & സോഷ്യൽ ഡിസ്റ്റൻസിങ് ഡ്രൈവ്) 1036 പേർക്കെതിരെ നടപടി സ്വീകരിച്ചതായി കമ്മീഷണർ അറിയിച്ചു.

### സ്പെഷ്യൽ ഡ്രൈവ്

തിരുവനന്തപുരം നഗരത്തിലെ കോവിഡ് രോഗവ്യാപനത്തിന്റെ തീവ്രത കണക്കിലെടുത്ത് ഇന്നലെ (01-08-2020 -ന് തിരുവനന്തപുരം സിറ്റി പോലീസ് മാസ്സ് ഡ്രൈവിന് (മാസ്ക് ആന്റ് സോഷ്യൽ ഡിസ്റ്റൻസിങ് ഡ്രൈവ്) നടത്തി 1036

പേർക്കെതിരെ നിയമ നടപടി സ്വീകരിച്ചു. എല്ലാ പോലീസ് സ്റ്റേഷനുകളിലേയും എസ്.എച്ച്.ഒ-മാരുടെ നേതൃത്വത്തിൽ സിറ്റിയിലെ കൺട്രോൾ റൂം വാഹനങ്ങളും ചേർന്ന് പൊതുസ്ഥലങ്ങൾ കേന്ദ്രീകരിച്ചാണ് സ്പെഷ്യൽ ഡ്രൈവ് നടത്തിയത്. രാവിലെ 10.00 മണി മുതൽ 1.00 വരെയും വൈകുന്നേരം 4.00 മണി മുതൽ 7.00 മണി വരെയുമായിരുന്നു വ്യാപകമായ പരിശോധനകൾ നടന്നത്. പോലീസ് സ്റ്റേഷനുകളിൽ നിന്നുളള പ്രത്യേക ബൈക്ക് പട്രോൾ ടീമുകളും മാസ്സ് ഡ്രൈവിൽ പങ്കെടുത്തു. മാസ്ക് ധരിക്കാതെ പൊതുസ്ഥലങ്ങളിൽ കണ്ടെത്തിയ 662-പേരിൽ നിന്നും പിഴ ഈടാക്കിയും, സാമൂഹ്യഅകലം പാലിക്കാതെ കാണപ്പെട്ട 154-പേർക്കെതിരെ നിയമനടപടി സ്വീകരിക്കുകയും, സാമൂഹിക അകലം പാലിക്കാതെയും, കോവിഡ് പ്രോട്ടോക്കോൾ അനുസരിക്കാതെയും പ്രവർത്തിച്ച 220 കടകൾ പൂട്ടിക്കുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ചതായി തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ ബൽറാം കുമാർ ഉപാദ്ധ്യായ അറിയിച്ചു. തലസ്ഥാനത്ത് ഇന്നലെ (01.08.2020) വിലക്ക് ലംഘനം നടത്തിയ 39 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരം കേസെടുത്തു. മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ യാത്ര ചെയ്ത 7 വാഹനങ്ങൾക്കെതിരെയുംനടപടി സ്വീകരിച്ചു.

**ക്രിട്ടിക്കൽ കണ്ടയിൻമെന്റ് സോണുകളിലും**

**കണ്ടയിൻമെന്റ് സോണുകളിലും കർശന നിരീക്ഷണം**

ക്രിട്ടിക്കൽ കണ്ടയിൻമെന്റ് സോണുകളിലും കണ്ടയിൻമെന്റ് സോണുകളിലും പോലീസ് നിരീക്ഷണം കർശനമായി തുടരുന്നു. ക്രിട്ടിക്കൽ കണ്ടയിൻമെന്റ് സോണുകളിൽ നിന്നും കണ്ടയിൻമെന്റ് സോണുകളിൽ നിന്നും മെഡിക്കൽ ആവശ്യങ്ങൾക്ക് അല്ലാതെ ആരെയും പുറത്തേക്ക് വിടുന്നതല്ല. മെഡിക്കൽ സർവ്വീസ് വിഭാഗത്തിൽ ഉളളവർക്കും, പോലീസ് ഉദ്യോഗസ്ഥർക്കും, ശുചീകരണ തൊഴിലാളികൾക്കും മാത്രമേ പുറത്ത് പോകാൻ അനുവാദമുള്ളൂ. മറ്റുള്ള ഒരു ഉദ്യോഗസ്ഥരെയും ക്രിട്ടിക്കൽ

കണ്ടയിൻമെന്റ് സോണുകളിൽ നിന്നും കണ്ടയിൻമെന്റ് സോണുകളിൽനിന്നും പുറത്ത് വിടുന്നതല്ല. മെഡിക്കൽ സ്റ്റോറുകൾ ഈ സോണുകളിൽ തുറന്നു പ്രവർത്തിക്കാം. അതുപോലെ പലചരക്ക്, പഴം-പച്ചക്കറി കടകൾ നിശ്ചിതസമയക്രമവും കർശന സുരക്ഷാമാനദണ്ഡങ്ങളും പാലിച്ച് പ്രവർത്തിക്കാവുന്നതാണ്. ഇവിടങ്ങളിൽ യാതൊരുവിധ ഹോം ഡെലിവറിയും അനുവദിക്കുന്നതല്ല. അത്യാവശ്യ മെഡിക്കൽ സേവനങ്ങൾക്കായി പുറത്തു പോകുന്നതിനും അകത്തേക്ക് വരുന്നതിനുമായി എൻട്രി/എക്സിറ്റ് പോയിന്റുകൾ ക്രമീകരിച്ചിട്ടുണ്ട്.

കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ തലസ്ഥാനത്ത് പോലീസ് പരിശോധന രാത്രിയും പകലും ശക്തമായി തുടരും. രോഗവ്യാപനം ദിനംപ്രതി വർധിച്ചു വരുന്ന സാഹചര്യത്തിൽ സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി പോലീസ് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളോട് പൊതുജനങ്ങൾ പൂർണ്ണമായും സഹകരിക്കണം. രോഗവ്യാപനം തടയുന്നതിനായി ജാഗ്രതാ നിർദേശങ്ങൾ എല്ലാപേരും പാലിക്കണമെന്നും, വിലക്ക് ലംഘനം നടത്തുന്നവർക്കെതിരെ വിട്ടുവീഴ്ചയില്ലാതെ നിയമ നടപടികൾ സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

തിരുവനന്തപുരം സിറ്റി
01-08-2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി